**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2322** **30-09-2025 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി കം ക്രഷ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നാഷണൽ ക്രഷ് പദ്ധതി റദ്ദാക്കി അംഗണവാടികളുമായി ചേർന്ന് അങ്കണവാടി കം ക്രഷ് പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | നാഷണൽ ക്രഷ് സ്കീമിനെ മിഷൻ ശക്തി അംബ്രല സ്കീമിലെ പൽന കംപോണന്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിന് കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം അനുമതി നൽകിയതിനെ തുടർന്ന് സംസ്ഥാനത്ത് അംഗനവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കി 31/08/2024 ലെ സ.ഉ (സാധാ) 345/2024-വശിവിവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 170 അംഗൻവാടി കം ക്രഷുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിനു കീഴിലെ ക്രഷുകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 23.01.2025 ലെ സ.ഉ(സാധാ)28/2025-വശിവിവ നമ്പർ ഉത്തരവ് പ്രകാരം ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സ്റ്റാന്റ് എലോൺ ക്രഷുകളിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിക്കുകയും സ്കീം മാനദണ്ഡ പ്രകാരമുള്ള യോഗ്യത കൂടി കണക്കിലെടുത്ത് അങ്കണവാടി കം ക്രഷിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ക്രഷ് ജീവനക്കാർ നൽകിയിട്ടുള്ള ഓപ്ഷനിൽ നിന്നും അനുയോജ്യമായ സ്ഥലങ്ങളിൽ അപ്രകാരം നിയമനം നൽകുകയും അല്ലാത്തയിടങ്ങളിൽ പൊതുവായി നിയമനം നൽകി വരികയും ചെയ്യുന്നു. |
| (ബി) | നാഷണൽ ക്രഷ് പദ്ധതിയിൽ പ്രവർത്തിച്ചിരുന്ന മുഴുവൻ ക്രഷുകളെയും അങ്കണവാടി കം ക്രഷ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; മേൽപ്പറഞ്ഞ പദ്ധതിയിൽ പ്രവർത്തിച്ചിരുന്ന മുഴുവൻ ജീവനക്കാർക്കും അംഗണവാടി കം ക്രഷ് പദ്ധതിയിൽ | (ബി) | നാഷണൽ ക്രഷ് സ്കീമിനെ മിഷൻ ശക്തി അംബ്രല സ്കീമിലെ പൽന കംപോണന്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിന് കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം അനുമതി |

| | | | |
|---|---|---|---|
| | ജോലി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ വർഷങ്ങളോളം പ്രവർത്തി പരിചയം ഉള്ള ഈ ജീവനക്കാരെ മുഴുവൻ പേരെയും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | | നൽകിയതിനെ തുടർന്ന് സംസ്ഥാനത്ത് അംഗനവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കി 31/08/2024 ലെ സ.ഉ (സാധാ) 345/2024-വശിവിവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 170 അംഗൻവാടി കം ക്രഷുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിനു കീഴിലെ ക്രഷുകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 23.01.2025 ലെ സ.ഉ(സാധാ)28/2025-വശിവിവ നമ്പർ ഉത്തരവ് പ്രകാരം ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സ്റ്റാന്റ് എലോൺ ക്രഷുകളിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിക്കുകയും സ്കീം മാനദണ്ഡ പ്രകാരമുള്ള യോഗ്യത കൂടി കണക്കിലെടുത്ത് അങ്കണവാടി കം ക്രഷിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ക്രഷ് ജീവനക്കാർ നൽകിയിട്ടുള്ള ഓപ്ഷനിൽ നിന്നും അനുയോജ്യമായ സ്ഥലങ്ങളിൽ അപ്രകാരം നിയമനം നൽകുകയും അല്ലാത്തയിടങ്ങളിൽ പൊതുവായി നിയമനം നൽകി വരികയും ചെയ്യുന്നു. |
| (സി) | നാഷണൽ ക്രഷ് പദ്ധതിയിൽ നിന്നും 62 വയസ്സ് തികഞ്ഞതിനെ തുടർന്ന് പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യവും പെൻഷനും അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈയെടുക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | NGO പങ്കാളിത്തത്തോടെ നടപ്പിലാക്കി വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീമിൽ പെൻഷൻ പോലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ നൽകി വരുന്നില്ല.<br><br>ജീവനക്കാരെ നിയമിക്കുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്തു വന്നിരുന്നത് NGO തന്നെയാണ്. പദ്ധതിയിലുൾപ്പെട്ട ക്രഷുകൾക്ക് ആവശ്യമായ ചെലവ് തുക NGO വഹിക്കുകയും പിന്നീട് സർക്കാരിൽ നിന്നു റീ ഇംബേഴ്സ് ചെയ്ത് നൽകുകയുമാണ് ചെയ്യുന്നത്. 62 വയസ്സ് കഴിഞ്ഞ ജീവനക്കാർക്ക് ആനുകൂല്യവും പെൻഷനും നൽകണമെന്ന ആവശ്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | അംഗനവാടി കം ക്രഷ് പദ്ധതിയിലെ ജീവനക്കാരുടെ ഹോണറേറിയം അംഗനവാടി ജീവനക്കാരുടെതിന് തുല്യമായി വർധിപ്പിക്കുന്നതിനും ഉത്സവത്ത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അംഗനവാടി ജീവനക്കാർക്കും അംഗനവാടി കം ക്രഷ് ജീവനക്കാർക്കും ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി കം ക്രഷ് സ്കീമിലെ ക്രഷ് വർക്കർ, ഹെൽപ്പർമാർക്ക് യഥാക്രമം 5500, 3000 രൂപ മാത്രമാണ് പ്രതിമാസ ഓണറേറിയമായി അനുവദനീയമായിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി അങ്കണവാടി കം ക്രഷിലെ വർക്കർ, ഹെൽപ്പർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയവും, അങ്കണവാടി കം ക്രഷ് ജീവനക്കാർക്ക് ഉത്സവബത്ത അനുവദിക്കുന്ന വിഷയവും സർക്കാർ പരിശോധിച്ചു വരുന്നു. അങ്കണവാടി കം ക്രഷ് |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | അംഗനവാടി കം ക്രഷ് പദ്ധതിയിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി എന്ത് സ്കീം ആണ് നടപ്പിലാക്കിയിട്ടുള്ളത്; എന്തൊക്കെ പോഷകാഹാരങ്ങൾ ആണ് നൽകുന്നത്; ഇതിനായി ഓരോ കുട്ടിക്കും പ്രതിദിനം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) | അംഗൻവാടി കം ക്രഷ് പദ്ധതിയുടെ കേന്ദ്ര സർക്കാർ SOP പ്രകാരം Morning Snacks, Lunch എന്നിവ അങ്കണവാടികളിൽ നിന്നും നൽകി വരുന്ന Mission POSHAN മാർഗ്ഗനിർദേശങ്ങളിലെ പോഷക മൂല്യമുള്ള അനുപൂരക പോഷകാഹാരം (SNP) നൽകുന്നതിനും; Afternoon Snacks അങ്കണവാടി കം ക്രഷ് പദ്ധതിയിലൂടെ അനുവദിക്കുന്ന ഫണ്ട് വിനിയോഗിച്ച് നൽകുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിലേയ്ക്കായി Additional SNP ഇനത്തിൽ പ്രതിദിനം ഒരു കുട്ടിക്ക് 7 രൂപ നിരക്കിൽ വിനിയോഗിക്കാവുന്നതാണ്. അങ്കണവാടി കം ക്രഷിലെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുഞ്ഞുങ്ങൾക്ക് Snacks, Lunch എന്നിവ നൽകുന്നതിന് ICDS പദ്ധതിയിലൂടെ നൽകി വരുന്ന Take Home Ration (THR) ന പകരം അങ്കണവാടി കം ക്രഷിലെ ഗുണഭോക്താവ് എന്ന നിലയിൽ SNPനല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ